1 (1215) മത്സ്യസംരക്ഷണത്തിന് നടപടി

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. കെ.എം. മാണി :

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടായിരാമാണ്ടിന്റെ തുടക്കത്തിൽ സംസ്ഥാനത്തെ ജലാശയങ്ങളിൽ കണ്ടുവരുന്ന വിവിധയിനം മത്സ്യങ്ങൾക്ക് വംശനാശം സംഭവിക്കാനിടയുണ്ടെന്നുള്ള സമുദ്രോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റിയുടെ മുന്നറിയിപ്പ് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വെളിച്ചത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ കാക്കക്കാത്തി പോലുള്ള മത്സ്യങ്ങളുടെ കൂട്ടായ ചത്തൊടുങ്ങൽ കണക്കിലെടുത്ത് മത്സ്യസംരക്ഷണത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)ലഭിച്ചിട്ടില്ല.

(സി) കാക്കക്കാത്തി പോലുള്ള മത്സ്യങ്ങൾ തീരത്ത് അടിഞ്ഞത് പ്രകൃത്യാലുള്ള ഭീഷണിമുഖേനയല്ല. മറിച്ച് വൻകിട മത്സ്യയാനങ്ങളിൽ നിന്ന് ഉപയുക്തമല്ലാത്ത മത്സ്യങ്ങൾ കടലിൽ ഉപേക്ഷിച്ച്, അവ തീരത്ത് അടിഞ്ഞതുകൊണ്ടാണ്.

2 (1216) സംസ്ഥാനത്ത് ലഭ്യമാകുന്ന മത്സ്യസമ്പത്തിന്റെ അളവ്

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭ്യമാകുന്ന മത്സ്യസമ്പത്തിന്റെ അളവ് വർഷാവർഷം കണക്കാക്കാറുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ ഓരോ വർഷവും എത്ര ടൺ മത്സ്യം വീതമാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യക്തമാക്കാം. 1996-97 വർഷത്തിൽ 7,05,344 ടൺ, 1997-98-ൽ 5,69,300 ടൺ 1998-99 -ൽ 6,48,349 ടൺ വീതം മത്സ്യം ലഭിക്കുകയുണ്ടായി.

3 (1217) മത്സ്യവിഭവശേഷി ചൂഷണം ചെയ്യുവാൻ നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly